M 3438

Reg. No.: ...............................

Name : ...................................

DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

**IV Semester B.A./B.Sc./B.Com./B.B.A./B.B.A.T.T.M./B.B.M./B.C.A./B.S.W./ B.A. Afsal Ul-Ulama Degree (CCSS – Reg./Supple./Improv.) Examination, May 2013**

**COMMON COURSE IN MALAYALAM**

**4 A 10 MAL : സംസ്ക്കാരവും നാഗരികതയും**

**(2010 Admn. Onwards)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു**വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുക്കുന്ന കൃതികളുടെ കർത്താക്കൾ ആരെന്നെഴുതുക.

a) കിർമ്മീരവധം ആട്ടക്കഥ

b) ഭാഷാനൈഷധം ചമ്പൂ

c) ദുരവസ്ഥ

d) ചിത്രയോഗം

2) വിട്ടുപോയ പദം ചേർത്ത് പൂരിപ്പിക്കുക.

a) സിന്ധുനദീതട സംസ്കാരത്തിന്റെ ഏറ്റവും തെക്കേ അറ്റത്തെ സ്ഥാനം ______________ എന്നറിയപ്പെടുന്നു.

b) ആര്യന്മാർ ദസ്യുക്കളുമായി ഏറ്റുമുട്ടിയതിന്റെ സൂചന ______________ വേദത്തിൽ കാണാം.

c) പ്രകൃതിയാൽ അന്യസംസ്ഥാനത്തിൽ നിന്ന് വേർതിരിക്കപ്പെട്ട കേരളത്തെ ഒന്നിച്ചു നിർത്തുന്ന ചരട് ______________ ആണ്.

d) സ്വർഗ്ഗം ഭൂമിയിലേക്ക് കൊണ്ടുവരണമെന്നു പറഞ്ഞ ഒരാൾ ______________ ഉം മറ്റൊരാൾ ______________ ഉം ആണ്.

P.T.O.

3) ഉത്തരമെഴുതുക.

a) മണിപ്രവാള സാഹിത്യത്തിൽ സ്വാധീനം ചെലുത്തിയ അന്യഭാഷ ഏത് ?

b) കോലെഴുത്തിലെ 'കോല് ' എന്ന പദം ലിപിയുടെ ഏത് സ്വഭാവത്തെ കുറിക്കുന്നു ?

c) കുഞ്ചൻ നമ്പ്യാർ ജീവിച്ചിരുന്ന നൂറ്റാണ്ട് ഏതാണ് ?

d) മൂഷികവംശം ആരുടെ കൃതിയാണ് ?

4) ഉത്തരമെഴുതുക.

a) നാഗാരാധനയുമായി ബന്ധപ്പെട്ട പാട്ട് ഏതാണ് ?

b) 'നാനം മോനം' എന്നതുകൊണ്ട് വിവക്ഷിക്കുന്നതെന്ത് ?

c) ഡോ. അയ്യപ്പന്റെ അഭിപ്രായത്തിൽ ഇന്ത്യയിലെ പ്രാകൃതജനവിഭാഗങ്ങളിൽ തീരെ പുരോഗതി കുറഞ്ഞവർ ആരാണ് ?

d) അൽ-ഇസ്ലാം എന്ന മാസിക പ്രസിദ്ധീകരിച്ചതാര് ?

5) ഉത്തരമെഴുതുക.

a) കണ്ണശ്ശകവികളെ അറിയപ്പെട്ടിരുന്ന മറ്റൊരു പേര് ?

b) നവപ്രസ്തരക്കാരായ ജനങ്ങളുടെ കലാബോധത്തിന് തെളിവായി ചൂണ്ടിക്കാട്ടാവുന്നതെന്ത് ?

c) 'ദസ്യു' എന്ന പദത്തിന് ആരംഭകാലത്ത് ഉണ്ടായിരുന്ന അർത്ഥമെന്ത് ?

d) പ്രാചീനകാലത്ത് തെക്കേ ഇന്ത്യയിലെ ബ്രാഹ്മണർ ഉപയോഗിച്ചിരുന്ന ലിപി ഏത് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) കേരളവും സംസ്കൃതവുമായുള്ള ബന്ധത്തെക്കുറിച്ച് വിവരിക്കുക.

7) വ്യാവസായിക സമൂഹത്തിന്റെ മൗലികമായ ലക്ഷ്യമാണ് യഥാർത്ഥ അനുഭവത്തിൽ നിന്ന് വ്യക്തിയെ അകറ്റുക എന്നത് – വിശദമാക്കുക.

8) തളി സംസ്ക്കാരത്തെക്കുറിച്ച് വിവരിക്കുക.

9) സിന്ധുനദീതട സംസ്കാരം നാഗരികസംസ്കാരമായിരുന്നു. വിവരിക്കുക.

10) ഇന്ത്യയിലെ ഗോത്രവർഗ്ഗക്കാരുടെ സാമൂഹിക ഘടനയെക്കുറിച്ച് വിവരിക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) വർഗ്ഗം, ജാതി, മതം എന്നിവയെപ്പോലെതന്നെ ദേശവും ഒരു സാങ്കല്പിക സമൂഹമാണെന്നു പറയാം – വ്യക്തമാക്കുക.

12) വിവിധ പ്രദേശങ്ങളുമായി നിരന്തരം ബന്ധപ്പെടുന്ന ഒരു ഗ്രാമത്തിൽ സൃഷ്ടിക്കപ്പെടാവുന്ന ആശയപ്രപഞ്ചമാണ് നമുക്കുള്ളത് – സമർത്ഥിക്കുക.

13) ആര്യാഗമനത്തിന് മുൻപുതന്നെ ഭാരതത്തിൽ ജനസമൂഹങ്ങൾ താമസിച്ചിരുന്നു – വിശദമാക്കുക.

14) ''എല്ലാ മാധ്യമങ്ങളുടെയും പ്രധാനപ്പെട്ട കർത്തവ്യം നടക്കുന്നത് എന്താണെന്ന് ആളുകളെ അറിയിക്കാതിരിക്കുകയാണ് ''. വിശദമാക്കുക.

15) ദേശീയത എന്നാലെന്ത് ? ഇന്ത്യയിൽ ദേശീയത രൂപപ്പെട്ട സാഹചര്യം വിശദമാക്കുക.

16) ഭാഷയിലെ ചമ്പൂപ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

**(3×4=12 വെയിറ്റേജ്)**

17) അനുഭവമലിനീകരണത്തെക്കുറിച്ചുള്ള എം. എൻ. വിജയന്റെ ആശയങ്ങൾ സംഗ്രഹിക്കുക.

18) ഇന്ത്യയിലെ പ്രാചീന മനുഷ്യരെക്കുറിച്ച് ഉപന്യസിക്കുക.

19) കേരളത്തിൽ പലകാലങ്ങളിൽ സംഭവിച്ച അധിനിവേശവും അതിന്റെ ഫലവും വിവരിക്കുക.

20) മലയാളസംസ്കാരത്തിന്റെ രൂപീകരണത്തെക്കുറിച്ച് ഉപന്യസിക്കുക.

---